F.Y.
March 2018

Reg. No. ..............................................

Name ..............................................

Part - III

# ECONOMICS

Maximum : 80 Scores

Time : 2½ Hours

Cool off time : 15 Minutes

*General Instructions to Candidates :*

- There is a 'Cool off time' of 15 minutes in addition to the writing time.
- Use the 'Cool off time' to get familiar with questions and to plan your answers.
- Read the instructions carefully.
- Read the questions carefully before answering.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except nonprogrammable calculators are not allowed in the Examination Hall.

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ:*

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Answer all questions from question numbers 1 to 5. Each carry one score. (5 × 1 = 5)

1. The following are the components of secondary sector except ...............
   a) manufacturing
   b) construction
   c) trade
   d) electricity, gas and water supply

2. The advantages of a particular mode of data collection is given below. Identify the mode of data collection.
   - Highest response rate
   - Better for using open ended questions
   - Allows clarification of ambiguous questions
   - Allows the use of all type of questions

   a) Personal interview
   b) Telephonic interview
   c) Mail the questionnaire
   d) None of these

1 മുതൽ 5 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം. (5 × 1 = 5)

1. താഴെ പറയുന്നവയിൽ ദ്വിതീയ മേഖലയിൽ ഉൾപ്പെടാത്തത്:
   a) ഉല്പാദനം
   b) നിർമാണം
   c) വാണിജ്യം
   d) വൈദ്യുതി, ഗ്യാസ്, ജല വിതരണം

2. ഒരു പ്രത്യേക വിവരശേഖരണ രീതിയുടെ മേന്മകൾ താഴെ നൽകിയിരിക്കുന്നു. വിവര ശേഖരണ രീതി തിരിച്ചറിയുക.
   - ഉയർന്ന പ്രതികരണ നിരക്ക്
   - ഓപ്പൺ എൻഡഡ് ചോദ്യങ്ങൾ ഉപയോഗിക്കാൻ സാധിക്കുന്നു.
   - ചോദ്യങ്ങളിലെ അവ്യക്തത വ്യക്തമാക്കാൻ സാധിക്കുന്നു.
   - എല്ലാ വിധത്തിലുള്ള ചോദ്യങ്ങളും ഉപയോഗിക്കാൻ കഴിയുന്നു.

   a) വ്യക്തിഗത അഭിമുഖം
   b) ടെലിഫോൺ അഭിമുഖം
   c) തപാൽവഴിയുള്ള ചോദ്യാവലി
   d) ഇവയൊന്നുമല്ല



Get the latest Question papers,
Notes and study resources.
Visit studentmap.in

STUDENTMAP



3. The following factors responsible for land degradation except ....

a) shifting cultivation

b) improper crop rotation

c) afforestation

d) indiscriminate use of agrochemicals

3. താഴെപ്പറയുന്നവയിൽ ഒന്നൊഴികെ മറ്റെല്ലാം മണ്ണിന്റെ അപചയത്തിന് കാരണമാണ്.

a) മാറ്റ കൃഷിരീതി

b) ഉചിതമല്ലാത്ത വിള പര്യയം

c) വനവത്കരണം

d) വിവേചന രഹിതമായ രാസവള കീടനാശിനി പ്രയോഗം

4. The mid point of '10–15' is .........

a) 7.5

b) 10

c) 12.5

d) 2.5

4. '10–15' എന്ന ക്ലാസ്സിന്റെ മധ്യബിന്ദു (മിഡ് പോയിന്റ്)

a) 7.5

b) 10

c) 12.5

d) 2.5

5. Golden Revolution relates to ......................

a) Horticulture

b) Sericulture

c) Pisciculture

d) None of these

5. 'സുവർണ്ണ വിപ്ലവം' ബന്ധപ്പെട്ടിരിക്കുന്നത്

a) പഴം-പച്ചക്കറി കൃഷി (ഹോർട്ടികൾച്ചർ)

b) പട്ടുനൂൽ കൃഷി (സെറികൾച്ചർ)

c) മത്സ്യകൃഷി (പിസികൾച്ചർ)

d) ഇവയൊന്നുമല്ല

6. Match the columns 'B' and 'C' with column 'A'. (5 × 1 = 5)

| | A | B | C |
|---|---|---|---|
| a) | Green Revolution | BRICS | Base Year |
| b) | Index Number | Mail the Questionnaire | Quartile Deviation |
| c) | SAARC | HYV Seeds | Telephonic Interview |
| d) | Personal Interview | Mean Deviation | Use of Fertilizers |
| e) | Lorenz Curve | Current Year | ASEAN |

6. A കോളത്തെ B, C എന്നീ കോളങ്ങളുമായി ചേരുംപടി ചേർക്കുക. (5 × 1 = 5)

| | A | B | C |
|---|---|---|---|
| a) | ഹരിതവിപ്ലവം | ബ്രിക്സ് | അടിസ്ഥാന വർഷം |
| b) | സൂചകാങ്കം | തപാൽ വഴിയുള്ള ചോദ്യാവലി | ചതുർത്ഥാംശം |
| c) | സാർക് | അത്യുത്പാദനശേഷിയുള്ള വിത്തുകൾ | ടെലിഫോൺ ഇന്റർവ്യൂ |
| d) | വ്യക്തിഗത അഭിമുഖം | മാധ്യ വിചലനം | രാസവള പ്രയോഗം |
| e) | ലോറൻസ് വക്രം | നിലവിലെ വർഷം | ആസിയാൻ |



Get the latest Question papers,
Notes and study resources.
Visit studentmap.in

Answer all questions from question numbers 7 to 11. Each carries two scores. (5 × 2 = 10)

7. Categorize the following programmes under the heads of wage employment and self-employment programmes.

a) REGP

b) NFWP

c) PMRY

d) MGNREGS

8. Workers can be classified in many ways. One type of classification is casual wage worker and regular salaried worker. Cite two examples of them.

9. Human capital and human development are interrelated. Point out any two relationships between them.

7മുതൽ 11 വരെയുള്ള എല്ലാ ചോദ്യങ്ങളും ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം. (5 × 2 = 10)

7. താഴെ തന്നിരിക്കുന്ന പരിപാടികളെ കൂലിത്തൊഴിൽ പരിപാടി സ്വയം തൊഴിൽ പരിപാടി എന്നീ തലക്കെട്ടുകൾക്കു താഴെ വർഗീകരിക്കുക.

a) ആർ.ഇ.ജി.പി

b) എൻ.എഫ്.ഡബ്ല്യു.പി

c) പി.എം.ആർ.വൈ

d) എം.ജി.എൻ.ആർ.ഇ.ജി.എസ്

8. തൊഴിലാളികളെ പല വിധത്തിൽ തരം തിരിക്കാവുന്നതാണ്. അങ്ങനെയുള്ള ഒരു തരം തിരിവാണ് താൽക്കാലിക തൊഴിലാളികൾ, സ്ഥിരവേതന തൊഴിലാളികൾ എന്നത്. ഓരോ വിഭാഗത്തിലും ഉൾപ്പെടുന്നവർക്ക് 2 വീതം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുക.

9. മാനവ മൂലധനവും മാനവ വികസനവും പരസ്പര ബന്ധമുള്ളവയാണ്. ഇവ തമ്മിലുള്ള രണ്ട് ബന്ധങ്ങൾ കണ്ടെത്തി എഴുതുക.

10. Classes can be arranged in inclusive and exclusive manner. Point out any two features which help us to distinguish them.

10. ക്ലാസ്സുകളെ ഇൻക്ലൂസീവ് രീതി ഉപയോഗിച്ചും എക്സ്ക്ലൂസീവ് രീതി ഉപയോഗിച്ചും നമുക്ക് ക്രമീകരിക്കാവുന്നതാണ്. ഈ രീതികളെ തമ്മിൽ വേർതിരിച്ചറിയുന്നതിൽ സഹായിക്കുന്ന രണ്ട് സവിശേഷതകൾ എഴുതുക.

11. Calculate the Mean Deviation from Median for the following observations.

Values : 3, 5, 8, 2, 4

11. താഴെ തന്നിരിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് മാധ്യകത്തിൽ നിന്നുള്ള മാധ്യ വിചലനം (മീൻ ഡീവിയേഷൻ ഫ്രം മീഡിയൻ) കണ്ടെത്തുക.

മൂല്യങ്ങൾ : 3, 5, 8, 2, 4

**Answer any six questions from question numbers 12 to 18. Each carries three scores.** **(6 × 3 = 18)**

**12 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(6 × 3 = 18)**

12. Statistics helps the economics in various ways. Cite three instances for it.

12. സ്ഥിതിവിവര ശാസ്ത്രം സാമ്പത്തിക ശാസ്ത്രജ്ഞനെ പല വിധത്തിൽ സഹായിക്കുന്നുണ്ട്. ഈ പ്രസ്താവന ക്കുള്ള 3 ഉദാഹരണങ്ങൾ എഴുതുക.



Get the latest Question papers,
Notes and study resources.
Visit studentmap.in

STUDENT MAP



13. In the field of infrastructure, the British Government took many initiatives during the colonial period. Do you consider that, these are the positive contributions of the British? Substantiate.

13. കൊളോണിയൽ ഭരണകാലത്ത് ഇന്ത്യയുടെ ആന്തരിക ഘടന മെച്ചപ്പെടുത്തുന്നതിന് ബ്രിട്ടീഷ് ഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിച്ചു. ഇത് ബ്രിട്ടീഷ് ഭരണത്തിന്റെ നല്ല സംഭാവനയായി പരിഗണിക്കാമോ? സാധൂകരിക്കുക.

14. The Industrial Policy Resolution of 1956 formed the basis of Second Five Year Plan. It was a milestone in the history of Indian industrial development. Point out the important features of the policy.

14. രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അടിത്തറ രൂപപ്പെടുത്തിയത് 1956 ലെ വ്യവസായ നയ പ്രമേയമായിരുന്നു. ഈ നയം ഇന്ത്യൻ വ്യവസായ വികസന ചരിത്രത്തിലെ നാഴികക്കല്ലാണ്. 1956 ലെ വ്യവസായ നയ പ്രമേയത്തിന്റെ പ്രധാന സവിശേഷതകൾ ചൂണ്ടിക്കാണിക്കുക.

15. India, China and Pakistan had started their development strategies almost at the same time. Observe the following table and draw three inferences regarding the state of Human Development of these countries.

**Some selected indicators of Human Development 2012–13**

| | Item | India | China | Pakistan |
|---|---|---|---|---|
| 1) | Human Development Index (Value) | 0.586 | 0.719 | 0.537 |
| 2) | Human Development Index (Rank) | 135 | 91 | 146 |
| 3) | Life Expectancy at Birth | 66.2 | 75.2 | 66.4 |
| 4) | Adult Literacy Rate | 62.8 | 95.1 | 54.7 |
| 5) | GDP Per Capita (PPP US$) | 5238 | 11524 | 4549 |
| 6) | Infant Mortality Rate | 41 | 11 | 69 |

15. ഇന്ത്യയും ചൈനയും പാകിസ്ഥാനും ഏകദേശം ഒരേ കാലത്താണ് വികസന തന്ത്രങ്ങൾ ആവിഷ്കരിച്ചത്. ഈ രാജ്യങ്ങളിലെ മാനവ വികസനത്തെ കാണിക്കുന്ന പട്ടിക നിരീക്ഷിച്ച് 3 നിഗമനങ്ങൾ രൂപപ്പെടുത്തുക.

**2012–13 ലെ ചില തെരഞ്ഞെടുത്ത മാനവ വികസന സൂചകങ്ങൾ.**

| | ഇനം | ഇന്ത്യ | ചൈന | പാകിസ്ഥാൻ |
|---|---|---|---|---|
| 1) | മാനവ വികസന സൂചിക (മൂല്യം) | 0.586 | 0.719 | 0.537 |
| 2) | മാനവ വികസന സൂചിക (റാങ്ക്) | 135 | 91 | 146 |
| 3) | പ്രതീക്ഷിത ആയുർ ദൈർഘ്യം | 66.2 | 75.2 | 66.4 |
| 4) | മുതിർന്നവരിലെ സാക്ഷരതാ നിരക്ക് | 62.8 | 95.1 | 54.7 |
| 5) | ജി.ഡി.പി. പ്രതിശീർഷം (പി.പി.പി. യുഎസ് $) | 5238 | 11524 | 4549 |
| 6) | Infant Mortality Rate | 41 | 11 | 69 |



Get the latest Question papers, Notes and study resources. Visit studentmap.in

STUDENTMAP



16. Arithmetic Mean has an interesting property. Identify and prove it with an example.

16. സമാന്തര മാധ്യത്തിന് രസകരമായ ഒരു സവിശേഷതയുണ്ട്. (ഇന്ററസ്റ്റിങ് പ്രോപർട്ടി) ഇത് കണ്ടെത്തി ഒരു ഉദാഹരണത്തിന്റെ സഹായത്തോടെ തെളിയിക്കുക.

17. Statistics and Economics are closely related. Some statistical tools and their uses are given below. Match them correctly.

17. സാമ്പത്തികശാസ്ത്രവും സ്ഥിതിവിവര ശാസ്ത്രവും പരസ്പരം അടുത്ത് ബന്ധപ്പെട്ട് കിടക്കുന്നു. സ്ഥിതി വിവര ശാസ്ത്രത്തിന്റെ ചില ഉപാധികളും (ടൂൾസ്) അവയുടെ ഉപയോഗവും താഴെ നൽകുന്നു. ഇവയെ തമ്മിൽ ശരിയായി യോജിപ്പിക്കുക.

| | Tools<br>ഉപാധികൾ | Uses<br>ഉപയോഗം |
|---|---|---|
| a) | Median, Correlation, Standard Deviation<br>മാധ്യകം,സഹബന്ധം, മാധ്യക വിചലനം | Organization and Presentation of Data<br>ദത്തങ്ങളുടെ വ്യന്യാസവും അവതരണവും |
| b) | Tables, Pie Diagrams, Arithmetic Line Graph<br>പട്ടിക, വൃത്താരേഖം, ഗണിതപരമായ രേഖാഗ്രാഫ് | Bibliography<br>ഗ്രന്ഥസൂചി |
| c) | Magazines, Research Reports, Newspaper<br>മാഗസിനുകൾ, ഗവേഷണ റിപ്പോർട്ടുകൾ, ദിനപത്രങ്ങൾ | Analysis and Interpretation of Data<br>ദത്തങ്ങളുടെ വിശകലനവും വ്യാഖ്യാനവും |

18. Environment and sustainable development are inter-connected. List out any six functions of environment.

18. പരിസ്ഥിതിയും സുസ്ഥിര വികസനവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പരിസ്ഥിതിയുടെ 6 ധർമ്മങ്ങൾ ലിസ്റ്റ് ചെയ്യുക.

Answer any four questions from question numbers 19 to 23. Each carries four scores. (4 × 4 = 16)

19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം. (4 × 4 = 16)

19. Details given below shows the height of 25 participants in a selection test. The minimum required height for the post is 170 cms. Prepare a frequency distribution table by exclusive method by taking class interval of 5. Find out the number of participants selected.

19. ഒരു പരീക്ഷയിൽ പങ്കെടുത്ത 25 പേരുടെ ഉയരം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. ഈ ജോലിക്കുവേണ്ടി നിശ്ചയിച്ച ഉയരം 170 സെന്റി മീറ്ററാണ്. താഴെ തന്നിരിക്കുന്ന ദത്തങ്ങൾ ഉപയോഗിച്ച് ഒരു ആവൃത്തി വിതരണ പട്ടിക തയ്യാറാക്കുക. ക്ലാസ്സ് ഇന്റർവെൽ 5 വരത്തക്കവിധം എക്സ്ക്ലൂസീവ് രീതിയാണ് ഉപയോഗിക്കേണ്ടത്. തിരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം കണ്ടുപിടിക്കുക.

| | | | | | | |
|---|---|---|---|---|---|---|
| 160, | 164, | 170, | 179, | 165, | 168, | 162, |
| 165, | 173, | 177, | 175, | 164, | 172, | 178, |
| 166, | 174, | 168, | 179, | 176, | 172, | 178, |
| 173, | 171, | 172, | 178 | | | |



Get the latest Question papers,
Notes and study resources.
Visit studentmap.in

STUDENT MAP



20. Calculate the price index number.

20. വില സൂചകാങ്കം കണ്ടെത്തുക.

| | | | | |
|---|---|---|---|---|
| Price of the commodities in 2016 – 2017<br>2016 – 2017 ൽ ഉല്പന്നങ്ങളുടെ വില | 9 | 12 | 10 | 14 |
| Price of the commodities in 2011 – 2012<br>2011 – 2012 ൽ ഉല്പന്നങ്ങളുടെ വില | 6 | 8 | 7 | 10 |

21. "If the misery of the poor be caused not by the laws of nature, but by our institutions, great is our sin". – Charles Darwin.

In the light of this quotation, list out and analyze the causes of poverty in India.

21. "പട്ടിണിപ്പാവങ്ങളുടെ ദുരിതത്തിന് കാരണം പ്രകൃതി നിയമങ്ങളല്ലെങ്കിൽ അത് നമ്മുടെ വ്യവസ്ഥിതിയുടെ സൃഷ്ടിയാണ്. ഇത് നമ്മുടെ വലിയ പാപമാണ്". –ചാൾസ് ഡാർവിൻ.

ഈ ഉദ്ധരണിയുടെ പശ്ചാത്തലത്തിൽ ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ കാരണങ്ങൾ പട്ടികപ്പെടുത്തി വിശകലനം ചെയ്യുക.

22. The development of health infrastructure ensure a country of healthy manpower. Whether the present status of Indian infrastructure is sufficient to keep the people healthy? Analyze.

22. ഒരു രാജ്യത്ത് ആരോഗ്യമുള്ള ജനതയെ ഉറപ്പുവരുത്താൻ ആരോഗ്യ ആന്തരിക ഘടന (ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ) വികസിക്കേണ്ടതുണ്ട്. ഇന്ത്യയിൽ നിലവിലുള്ള ആരോഗ്യ ആന്തരിക ഘടന ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കാൻ പര്യാപ്തമാണോ? വിശകലനം ചെയ്യുക.

23. Scores of 40 students in an examination is given below. Calculate the Mean.

| Score | No. of students |
|---|---|
| 0 – 10 | 4 |
| 10 – 20 | 8 |
| 20 – 30 | 10 |
| 30 – 40 | 8 |
| 40 – 50 | 6 |
| 50 – 60 | 4 |

23. ഒരു പരീക്ഷയിൽ 40 വിദ്യാർത്ഥികൾ നേടിയ സ്കോർ താഴെ നൽകിയിരിക്കുന്നു. ശരാശരി സ്കോർ കണ്ടുപിടിക്കുക.

| സ്കോർ | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| 0 – 10 | 4 |
| 10 – 20 | 8 |
| 20 – 30 | 10 |
| 30 – 40 | 8 |
| 40 – 50 | 6 |
| 50 – 60 | 4 |

Answer any two questions from question numbers 24 to 26. Each carries five scores. (2 × 5 = 10)

24. The concept of human capital is relatively more important in labour surplus economies like India. To make human capital formation possible the Government has to address some areas.

Identify these areas. Analyze the relationship between human capital formation and economic growth.

24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 സ്കോർ വീതം. (2 × 5 = 10)

24. ഇന്ത്യയെപ്പോലെ തൊഴിലാളികൾ കൂടുതലുള്ള രാജ്യങ്ങളെ സംബന്ധിച്ച് മാനവ മൂലധനത്തിന് കൂടുതൽ പ്രാധാന്യമുണ്ട്. മാനവ മൂലധന രൂപീകരണം സാധ്യമാക്കുന്നതിന് വേണ്ടി ഗവൺമെന്റ് ചില മേഖലകളിൽ സവിശേഷ ശ്രദ്ധ നൽകേണ്ടതുണ്ട്.

– ഈ മേഖലകൾ കണ്ടെത്തുക.

– മാനവ മൂലധനവും സാമ്പത്തിക വളർച്ചയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക.



Get the latest Question papers,
Notes and study resources.
Visit studentmap.in

25. Now-a-days people discuss more about organic farming. Why? Discuss the following :

a) Advantages of organic farming.

b) Organic farming and sustainable development.

25. സമീപകാലത്ത് ജനങ്ങൾ ജൈവ കൃഷിയെക്കുറിച്ച് കൂടുതലായി ചർച്ചചെയ്യുന്നു. എന്തുകൊണ്ട്? താഴെപ്പറയുന്നവ ചർച്ചചെയ്യുക.

a) ജൈവ കൃഷിയുടെ നേട്ടങ്ങൾ.

b) ജൈവകൃഷിയും സുസ്ഥിര വികസനവും.

26. Calculate Karl Pearson's coefficient of correlation.

26. കാൾ പിയേഴ്സൺ രീതിയനുസരിച്ച് സഹബന്ധ ഗുണാങ്കം കാണുക.

| | | | | | |
|---|---|---|---|---|---|
| X | 2 | 4 | 6 | 8 | 10 |
| Y | 3 | 7 | 10 | 6 | 4 |

Answer any two questions from question numbers 27 to 29. Each carries eight scores. (2 × 8 = 16)

27. Antoine Augustin Cournot in 1843, was the first who used the term Median for the value that divides a probability distribution into two equal halves. Median can be located graphically with the help of Ogives. Draw Ogives and locate the median by using the following table.

| Scores | No. of students |
|---|---|
| 0 – 5 | 5 |
| 5 – 10 | 10 |
| 10 – 15 | 20 |
| 15 – 20 | 30 |
| 20 – 25 | 20 |
| 25 – 30 | 9 |
| 30 – 35 | 5 |
| 35 – 40 | 3 |

28. We learnt that, India implemented New Economic Policy in 1991. It affected all sectors of our Economy. On this basis :

27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണം ഉത്തരം എഴുതുക. ഓരോ ചോദ്യം 8 മാർക്ക് വീതം. (2 × 8 = 16)

27. ആന്റയിൻ അഗസ്റ്റിൻ കർനോട്ട് ആണ് ആദ്യമായി (1843) മാധ്യകം (മീഡിയൻ) എന്ന പദം ഉപയോഗിച്ചത്. ഇത് ഒരു സംഭാവ്യതാ വിതരണത്തെ രണ്ട് തുല്യ ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ഒജീവുകളുടെ സഹായത്തോടെ ഗ്രാഫിൽ നിന്നു മാധ്യകം കണ്ടെത്താൻ കഴിയും. താഴെ തന്നിരിക്കുന്ന പട്ടികയിൽ നിന്ന് ഒജീവ് വരച്ച് മാധ്യകം കണ്ടെത്തുക.

| സ്കോർ | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| 0 – 5 | 5 |
| 5 – 10 | 10 |
| 10 – 15 | 20 |
| 15 – 20 | 30 |
| 20 – 25 | 20 |
| 25 – 30 | 9 |
| 30 – 35 | 5 |
| 35 – 40 | 3 |

28. 1991ൽ ഇന്ത്യ സാമ്പത്തിക പരിഷ്കരണം നടപ്പിലാക്കി എന്ന് നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഈ പരിഷ്കരണ നടപടികൾ എല്ലാ മേഖലകളെയും ബാധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ :



Get the latest Question papers,
Notes and study resources.
Visit studentmap.in

STUDENT MAP



a) List out and analyze the reform measures adopted in agriculture, industry and financial sectors.

b) Critically evaluate the impact of these economic reforms in the measures of agriculture, industrial and financial sectors.

**29.** Calculate the quartile deviation and coefficient of quartile deviation for the following distribution.

| *X* | *F* |
|---|---|
| 0 – 10 | 4 |
| 10 – 20 | 6 |
| 20 – 30 | 9 |
| 30 – 40 | 13 |
| 40 – 50 | 10 |
| 50 – 60 | 5 |
| 60 – 70 | 3 |

a) കാർഷിക, വ്യാവസായിക, ധനകാര്യ മേഖലകളിൽ നടപ്പിലാക്കിയ പരിഷ്കാര നടപടികൾ വിശകലനം ചെയ്യുക.

b) കാർഷിക, വ്യാവസായിക, ധനകാര്യ മേഖലകളിൽ പരിഷ്കരണം ഉളവാക്കിയ ഫലങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

**29.** താഴെ നൽകിയിരിക്കുന്ന പട്ടികയിൽ നിന്നും ചതുർത്ഥക വിചലനവും (ക്വാർടയിൽ ഡീവിയേഷൻ) ചതുർത്ഥക വിചലന ഗുണാങ്കവും (കോഎഫിഷന്റ് ഓഫ് ക്വാർട്ടയിൽ ഡീവിയേഷൻ) കണ്ടെത്തുക.

| *X* | *F* |
|---|---|
| 0 – 10 | 4 |
| 10 – 20 | 6 |
| 20 – 30 | 9 |
| 30 – 40 | 13 |
| 40 – 50 | 10 |
| 50 – 60 | 5 |
| 60 – 70 | 3 |